(എ) വാറ്റ് നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര വിൽപ്പന നികുതിദായകരുണ്ടായിരുന്നു;

(ബി) ഇപ്പോൾ എത്ര പേരുണ്ട്;

(സി) വിൽപ്പന നികുതിദായകരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) വാറ്റ് നിലവിൽ വരുന്നതിനുമുമ്പ് 1,46,909 വിൽപ്പന നികുതിദായക രുണ്ടായിരുന്നു.

(ബി) 31-12-2005-ലെ കണക്കനുസരിച്ച് 1,20,448 പേരുണ്ട്.

(സി) നികുതിദായകരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ രജിസ്ട്രേഷനുള്ള വിറ്റുവരവ് പരിധി ഒരു ലക്ഷം രൂപയായിരുന്നു. എന്നാൽ വാറ്റ് നിയമത്തിൽ ഇത് 5 ലക്ഷം രൂപയായി ഉയർത്തു കയും, വാറ്റ് നിയമത്തിന്റെ 15-ാം വകുപ്പിലെ 2-ാം ഉപവകുപ്പിലെ ക്ലോസ് (2) അനു സരിച്ച് 5 ലക്ഷം രൂപയ്ക്ക് താഴെ വിറ്റുവരവുള്ളവരും നേരത്തെ കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ രജിസ്ട്രേഷനുണ്ടായിരുന്നവരുമായവർക്ക്, ആ ബാദ്ധ്യത ഇല്ലാതായതുകൊണ്ട് നല്ലൊരു ശതമാനം വ്യാപാരികൾ രജിസ്ട്രേഷൻ പരിധിക്ക് പുറത്തായി. ഇതാണ് രജിസ്ട്രേഷൻ കുറയാനുള്ള പ്രധാന കാരണം. രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചുകൊണ്ടും സർവ്വേകൾ നടത്തിക്കൊണ്ടും കൂടുതൽ വ്യാപാരികളെ രജിസ്ട്രേഷൻ എടുപ്പിക്കാനുള്ള നടപടികൾ വാണിജ്യ നികുതി വകുപ്പ് എടുത്തിട്ടുണ്ട്. ഇതിന്റെ ഫലം 31-3-2006നു മുമ്പ് തന്നെ പ്രതീക്ഷി ക്കുന്നു.

ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി

8(*184) ശ്രീ. ഷിബു ബേബി ജോൺ:

ശ്രീ. കെ. കെ. ഷാജു:

ശ്രീ. എ. എൻ. രാജൻ ബാബു:

ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെ പുതിയ എന്തൊക്കെ നവീകരണ പദ്ധതികളാണ് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം പദ്ധതികൾ ബി. ഒ. ടി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കേരളത്തിലെ 11 ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ-കം-കൊമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

(ബി-സി) കോഴിക്കോട് ബസ് സ്റ്റേഷൻ ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിക്കുന്നതിന് Expression of Interest ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ളവയെല്ലാം കെ.എസ്.ആർ.ടി.സി. തന്നെയാണ് ചെയ്യുന്നത്.

പറമ്പിക്കുളം-ആളിയാർ ജലത്തിന്റെ അളവ് സംബന്ധിച്ചുള്ള സംയുക്ത പരിശോധന

9(*185) ശ്രീ. എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടതായ ജലത്തിന്റെ അളവ് സംയുക്തമായി പരിശോധിച്ച് കാലാകാലങ്ങളിൽ തീരുമാനം കൈക്കൊള്ളാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംയുക്ത പരിശോധന നടത്തിയത് എന്നാണെന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം എത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) സംയുക്ത പരിശോധനയ്ക്കുള്ള സമിതിയിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ഒരു ജലവർഷം അവസാനിക്കുമ്പോൾ കൂടുന്ന ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് മീറ്റിംഗിൽ, വാർഷിക ജല കണക്കുകൾ ബോർഡംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly